# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 4/925/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 4/925/2022 തീയ്യതി: 23/05/2022

# കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2022 മുതൽ 06-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-05-2022 | 17-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 17-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സോളി ജോസഫ് | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീ.ലിന്റോ ജോസഫ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.അജിത്ത്.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 05-04-2020 |
| ശ്രീ.ബ്രിജേഷ്.എം | സെക്രട്ടറി | 06-04-2020 | 09-06-2020 |
| ശ്രീ.ബിബിൻ ജോസഫ് | സെക്രട്ടറി | 18-06-2020 | 12-02-2021 |
| ശ്രീ.അജിത്ത്.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-02-2021 | 21-03-2021 |
| ശ്രീ.അൻസു.ഒ.എ | സെക്രട്ടറി | 22-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുഹമ്മദ്.പി.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഡിജേഷ് ഉണ്ണികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഫസ്ലി.പി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രിയ.കെ.വി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.അശ്വിനി.ടി. | അസി.എഞ്ചിനീയർ | 01-04-2020 | 18-01-2021 |
| ശ്രീ.അഷ്റഫ് കല്ലടയിൽ | അസി.എഞ്ചിനീയർ (ഇൻ ചാർജ്) | 19-01-2021 | 17-02-2021 |
| ശ്രീ.രാജേഷ്.ടി.പി | അസി.എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ശ്രീ.കപിൽദേവ്.പി.സി | വി.ഇ.ഒ | 01-04-2020 | 23-10-2020 |
| ശ്രീമതി.ബിജി.പി.എസ് | വി.ഇ.ഒ | 02-11-2020 | 31-03-2021 |
| ശ്രീ.മുസ്തഫ പള്ളിയാളി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.സല്ലി.പി.കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ അജിത്ത് .പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി റജിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജോർജ് | | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-1 |
| 2 | വാര്‍ഷിക കണക്കിലെ അപാകതകള്‍<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 20-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 20-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Hari. K.P (Audit Officer (HG), On 23-05-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികള്‍<br>Written By: Hari. K.P (Audit Officer (HG), On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 20-05-2022) | 1-7 |
| 9 | KURDFC ലോണ്‍ - അപാകതകള്‍<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-8 |
| 10 | സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവര്‍ത്തനം - ഊര്‍ജ്ജിതമാക്കേണ്ടതാണ്<br>Written By: Hari. K.P (Audit Officer (HG), On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-9 |
| 11 | വസ്തുനികുതി വിജ്ഞാപനം പുതുക്കി നിശ്ചയിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 20-05-2022) | 1-10 |
| 12 | ബില്‍ഡിംഗ് പെര്‍മിറ്റ് - തുടര്‍നടപടികള്‍ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-11 |
| 13 | വസ്തുനികുതി നിര്‍ണ്ണയത്തിലെ അപാകതകള്‍<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-12 |
| 14 | വസ്തുനികുതി നിര്‍ണ്ണയത്തിലെ അപാകതകള്‍ മൂലം നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-13 |
| 15 | വസ്തുനികുതി - കുടിശ്ശിക പെരുകുന്നു.<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-14 |
| 16 | തൊഴില്‍ നികുതി-അപാകതകള്‍<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-15 |
| 17 | വാടക- അപാകതകള്‍<br>Written By: Jisha.P (Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-16 |

| | | |
|---|---|---|
| 18 | പഴയ കെട്ടിടങ്ങളിൽ നവീകരണ പ്രവൃത്തികളിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിങ്ങ് നടത്തിയതിനാൽ അധിക ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-17 |
| 19 | ടെണ്ടർ നടപടികൾ സുതാര്യമല്ല<br>Written By: Shyna A.K (Asst. Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-18 |
| 20 | എൻ.ആർ.ഇ.ജി.എസ് പ്രവൃത്തി , ക്വാട്ട് ചെയ്ത നിരക്കിനേക്കാളും കൂടുതൽ നിരക്കിന് മെറ്റീരിയൽ വാങ്ങി<br>Written By: Hari. K.P (Audit Officer (HG), On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-19 |
| 21 | കരാർ പ്രകാരം പ്രവൃത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-20 |
| 22 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-21 |
| 23 | സംസ്കരണ സ്ഥലത്തേക്ക് മാലിന്യം കൊണ്ടു പോകൽ പദ്ധതി നിർവ്വഹണം-അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-22 |
| 24 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-23 |
| 25 | എസ്.എസ്.എ- പദ്ധതി -പദ്ധതി രൂപീകരണത്തിൽ - പഞ്ചായത്ത് പങ്ക് വഹിച്ചില്ല,വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 20-05-2022) | 1-24 |
| 26 | വീട് വാസയോഗ്യമാക്കൽ (എസ്.സി) എഗ്രിമെന്റ് വെച്ച ഗുണഭോക്താവ് - നാളിതുവരെ പണി പൂർത്തിയാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-25 |
| 27 | സ്ഥലം പഞ്ചായത്തിന് വിട്ട് നൽകാതെ അങ്കണവാടി കെട്ടിടനിർമ്മാണം നടത്തി - ലക്ഷങ്ങൾ പാഴാകുന്നു.<br>Written By: Hari. K.P (Audit Officer (HG), On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-26 |
| 28 | കോടതി വിധി നടപ്പാക്കാൻ ഫൈനൽ ബിൽ തുക തനത് ഫണ്ടിൽ നിന്ന് നൽകി<br>Written By: Hari. K.P (Audit Officer (HG), On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 1-27 |
| | ഭാഗം **2** | |
| 1 | ബിൽഡിംഗ് പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 2-1 |
| 2 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 2-2 |
| 3 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022) | 2-3 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 21-05-2022) | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 17-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 18-05-2022)<br>Last Updated By: Vasudevan M (Deputy Director, On 21-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.3.20 തിയ്യതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 18.02.2021 -ലെ ഭരണസമിതി തീരുമാന നമ്പർ 1/21 പ്രകാരവും അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 7329089 |
| വരവ് | 138887000 |
| ചെലവ് | 140452431 |
| നീക്കിയിരിപ്പ് | 5763658 |

തൻവർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രൊവിഷൻ അധികരിച്ച് ചെലവ് ചെയ്യുത് പോലെ വളരെ കുറഞ്ഞ വരവ് /ചെലവുകളും ഉണ്ടായിട്ടുണ്ട്. കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 4800000 | 4800000 | 3836480 |
| 2 | 140 | 1172000 | 927000 | 532260 |
| 4 | 220 | 1641000 | 1816279 | 1489621 |
| 5 | 230 | 1171000 | 1746000 | 1392319 |
| 6 | 250 | 8155000 | 8325000 | 9017774 |
| 7 | 251 | 46960000 | 46222805 | 48285072 |
| 8 | 252 | 4950000 | 5350000 | 3045253 |

| | | | | |
|---|---|---|---|---|
| 9 | 253 | 320000 | 343115 | 1088967 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. 1.1.20 ന് 2020-21 വർഷത്തേയ്ക്കുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടെങ്കിലും അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഹെഡ്മാസ്റ്റർ,മെഡിക്കൽ ഓഫീസർ(ആയുർവ്വേദം,ഹോമിയോ) എന്നിവർ മാത്രമാണ് ആയത് ലഭ്യമാക്കിയത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 450620102 Scheduled Bank -Grant Funds 2 എന്ന അക്കൗണ്ടിന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ജലനിധിയുടെ പ്രസ്തുത അക്കൗണ്ടിനു പകരം കാനറ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതിനാൽ മേൽ അക്കൌണ്ട് ക്ലോസ് ചെയ്യേണ്ടതാണ് .

2. തൊഴിൽ നികുതി, വാടക രജിസ്റ്ററുകളിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല (Suppliers Emd, Suppliers Security Deposit Etc.)

4. ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് B 18 ൽ Advance To Implementing Agencies ഹെഡിൽ തുക ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 31,423/- രൂപ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

6. KURDFC ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയും എ.എഫ്.എസ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് ബി5 Secured Loans- Loan From KURDFC ഇനത്തിൽ 2,17,59,463/- രൂപയും ബി 16 Prepaid Expenses ഇനത്തിൽ 2,11,99,775/- രൂപയുമാണ് രേഖപ്പെടുത്തിയത്.

7. വസ്തുനികുതി ഇനത്തിലെ വരവ് തുക ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

8. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9977104.25 |
| വരവ് | 8,42,68,071.00 |
| ആകെ | 9,42,45,175.25 |
| ചെലവ് | 8,29,89,673.00 |
| നീക്കിയിരിപ്പ് | 1,12,55,502.25 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17872133 | 17872133 | 17849479 | 22654 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (SCP) | 0 | 2157368 | 2157368 | 2131950 | 25418 |
| വികസന ഫണ്ട് (TSP) | 0 | 1420581 | 1420581 | 1326312 | 94269 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6560000 | 6560000 | 2659268 | 3900732 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 11424326 | 11424326 | 8233713 | 3190613 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 5697082 | 10582082 |
| | സേവനം | 14390620 | 80805659 |
| വികസനഫണ്ട് എസ്.സി.പി. | ഉത്പാദനം | 262059 | 427059 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 1821890 | 6522854 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 1638274 | 2392921 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 23108926 | 25882354 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 210 | 103863536 | 164 | 65080526 | 46 |

ഡി.പി.സി. അഗീകാരം ലഭിച്ച 210 പ്രോജക്കുകളിൽ 164 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 103863536/- രൂപ വകയിരുത്തിയതിൽ 65080526/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1014122/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 128 മരാമത്തു പ്രോജക്കുകളിൽ 108 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്കുകൾക്ക് ആകെ 4,90,59,142/- രൂപ വകയിരുത്തിയതിൽ 35326202/- രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് 72 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

## 1-6 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4675200 | 316 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 9622800 | 632 |
| വാർദ്ധ്യക കാലപെൻഷൻ | 19962800 | 1383 |
| വികലാംഗ പെൻഷൻ | 2953800 | 200 |
| 50 വയസ്സിന് മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ | 358000 | 23 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.5.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34448/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-8 KURDFC ലോൺ - അപാകതകൾ

2018-19 വർഷത്തെ എൽ.എസ്.ജി.ഡി (സാധാ)68/2018 തിയ്യതി 18.5.18, എൽ.എസ്.ജി.ഡി (സാധാ)111/2018 തിയ്യതി 13.8.18, എന്നീ ഉത്തരവുകൾ പ്രകാരം ലൈഫ് ഭവന പദ്ധതിയ്ക്കായി KURDFC ലോൺ എടുത്തിരുന്നു. ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ച് ലോൺ എടുത്തതിന്റെയും, ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലോൺ തുക | ഗുണഭോക്താക്കൾക്ക് നൽകിയ തുക | അധികം നൽകിയ തുക തിരിച്ചടച്ചത് | ജി.ഒ പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ച തുക |
|---|---|---|---|---|
| 2018-19 | 7302025 | 260000 | | |
| | 6280000 | 5980000 | | |

| | | | | |
|---|---|---|---|---|
| | | 300000 | | |
| | | 42025 | | |
| | | 7000000 | | |
| 2019-20 | 4006262 | 3846262 | 64154 | 1933824 |
| | 60000 | 60000 | | |
| | | 40000 | | |
| | | 160000 | | |
| | | 43817 | | |
| 2020-21 | 1020000 | 480000 | | 1389843 |
| | | 540000 (2021-22) | | |
| ആകെ | 18668287 | 18752104 | 64154 | 3323667 |

2018-19, 2019-20, 2020-21 വർഷങ്ങളിൽ യഥാർത്ഥത്തിൽ ലോൺ ഇനത്തിൽ ലഭിച്ച തുക 1,86,68,287/- രൂപ ആണെങ്കിലും ഗുണഭോക്താക്കൾക്ക് 1,87,52,104/- രൂപ നൽകിയിട്ടുണ്ട്. 64154/- രൂപ ഗുണഭോക്താക്കൾക്ക് അധികം നൽകിയത് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലോൺ ഇനത്തിൽ ലഭിച്ച തുകയേക്കാൾ 19663/- രൂപ അധികം ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നു. ജി.ഒ പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ച തുക 33,23,667 രൂപയാണ്. ലോൺ തിരിച്ചടവിനായി അവശേഷിക്കുന്ന തുക 15344620 രൂപയുമാണ്.

വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ഷീറ്റ് ബി5 Secured Loans- Loan From KURDFC ഇനത്തിൽ 2,17,59,463/- രൂപയും ബി 16 Prepaid Expenses ഇനത്തിൽ 2,11,99,775/- രൂപയുമാണ് രേഖപ്പെടുത്തിയത്.

അക്കൗണ്ട്സിലെ മേൽ വ്യത്യാസവും ലോൺ ഇനത്തിലെ ചെലവ് വ്യത്യാസവും വിശദമായി പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-9 സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം - ഊർജ്ജിതമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം മിനുട്ട്സ് പരിശോധനയിൽ വിലയിരുത്തുമ്പോൾ, കമ്മിറ്റികൾക്ക് കൈകാര്യം ചെയ്യാനേൽപ്പിച്ച വിഷയങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്താതെ, ഒരേ വിഷയങ്ങൾ വിവിധ യോഗങ്ങളിൽ ആവർത്തിച്ച് ചർച്ച ചെയ്യപ്പെടുന്നു. ഇത് മൂലം സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചർച്ച ചെയ്യാത്തതിനാൽ അതിനനസൃതമായ നിർദ്ദേശങ്ങൾ കമ്മറ്റികളിൽ ഉരുത്തിരിയുന്നില്ല. സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനത്തിനാധാരമായ വിഷയങ്ങൾ അവ കൈകാര്യം ചെയ്യുന്നതിലെ വീഴ്ച എന്നിവ താഴെ കൊടുക്കുന്നു.

| | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | നിയമപരമായി ഏൽപ്പിച്ച വിഷയങ്ങൾ | സ്വീകരിച്ച നടപടി നിർദ്ദേശങ്ങൾ | സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ധനകാര്യം/ നികുതി | നികുതി പിരിവ് ഊർജ്ജിതമാക്കാൻ നിർദ്ദേശിച്ചു | ഏതൊക്കെ വാർഡുകളിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു അതിന്റെ പരിഹാര മാർഗ്ഗം എന്നിവ ചർച്ച ചെയ്യപ്പെടുന്നില്ല<br>അവസ്ഥ<br>2018-19 ന് ശേഷം നികുതിപിരിവ് 100% എത്തിക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | ലോൺ (കെ.യു. ആർ.സി. എഫ്.സി) | ലോൺ തുക കൃത്യമായി വിതരണം ചെയ്യപ്പെടാത്തത് നിരീക്ഷി ക്കുന്നില്ല | 2019-20 വർഷം ലഭ്യമായ തുക മുഴുവൻ വിനിയോഗിച്ചില്ല<br>അവസ്ഥ<br>ഇപ്പോഴും പലിശ ഉൾപ്പെടെ ബാങ്ക് അക്കൗണ്ടിൽ ലോൺ തുക അവശേഷിക്കുന്നു. |
| 2 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | വികസന ആസൂത്രണം, സാമൂഹിക സാമ്പത്തിക പ്രത്യേക പ്ലാനിംഗ്, കെട്ടിട നിർമ്മാണ ങ്ങളുടെ നിയന്ത്രണം | വികസന സെമിനാറിലെ പദ്ധതികൾ നടപ്പിലാ ക്കുമ്പോൾ വ്യാപകമായ കൂട്ടിച്ചേർക്കലും ഒഴിവാക്കലും നടത്തുന്നു. | 1) സ്റ്റാറ്റസ് റിപ്പോർട്ടിലെ അവസ്ഥാ വിശകലനം, പരിഹാരം എന്നിവ പരിഹരി ക്കപ്പെടുന്നില്ല.<br>2) വികസന രേഖയും സുലേഖ പ്രകാരമുള്ള പദ്ധതിയുടെ ചെലവും വ്യത്യാസപ്പെടുന്നു.<br>അവസ്ഥ<br>ഗ്രാമസഭയുടെ തീരുമാനങ്ങൾ അട്ടിമറിക്കപ്പെടുന്നു. |
| | | | കെട്ടിട നിർമ്മാണ പ്ലാനു കളിൽ സൈറ്റ് പരിശോധനയിൽ | 1) റഗുലറൈ സേഷൻ ഇനത്തിൽ തുക നഷ്ടമാകുന്നു.<br>2) പ്രോപ്പർട്ടി ടാക്സ് |

| | | | | |
|---|---|---|---|---|
| | | | കെട്ടിട നിർമ്മാണം പൂർത്തിയായ തായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുന്നു. | നഷ്ടമാകുന്നു. <br> അവസ്ഥ <br> അനധികൃത നിർമ്മാണം പെരുകാ നിടയാകുന്നു. |
| 3 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | സാമൂഹ്യ ക്ഷേമം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി-പട്ടികവകപ്പ് വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം | പെൻഷൻ അനുവദിക്ക ലും നിരസിക്കലും | 1) സാമൂഹ്യ ക്ഷേമത്തി ലൂന്നിയുള്ള സാമൂഹിക അടുക്കള പരാതി നടപടിയില്ല. <br> 2) പെൻഷൻ അല്ലാതെ മറ്റൊരു ചർച്ചയും ഇല്ല. <br> അവസ്ഥ <br> പട്ടികവർഗ്ഗ വികസനം, കുട്ടികളുടെ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം അഗതി ആശ്രയ എന്നിവയിൽ മതിയായ ഇടപെടൽ ഇല്ല. |
| 4) | ആരോഗ്യം/ വിദ്യാഭ്യാസം | പൊതു ജനാരോഗ്യം, ശുചീകരണം, കുടിവെള്ളം, അഴുക്കുചാൽ, വിദ്യാഭ്യാസം, | പകർച്ചവ്യാധി പ്രതിരോധം | 1) മറ്റ് മേഖലയിൽ ഇടപെടൽ ഇല്ല <br> അവസ്ഥ <br> കോവിഡ് കാലത്തെ മറ്റ് പ്രശ്നങ്ങൾ ചർച്ച |

| | | | | |
|---|---|---|---|---|
| | | കല,<br>സംസ്കാരം,<br>വിനോദം | | ചെയ്യപ്പെടുന്നില്ല |

ഗ്രാമപഞ്ചായത്തിനെ ബാധിക്കുന്ന വിഷയത്തിൽ അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ ഇടപെട്ട്, ആവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ച് അത് സെക്രട്ടറിക്ക് കൈമാറാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-10 വസ്തുനികുതി വിജ്ഞാപനം പുതുക്കി നിശ്ചയിച്ചില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും സംസ്ഥാന സർക്കാരിന്റെ 14/01/2011 ലെ ത.സ്വഭ.വ 20/2011 നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്ത് 07/06/2011 ലെ 63/11 നമ്പർ പ്രകാരം വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ, മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ 26 യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഉത്തരവ് പ്രകാരമുള്ള നിരക്ക് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കെട്ടിങ്ങൾ ഉണ്ടോ എന്ന് ഇതിനാൽ മനസിലാക്കാൻ സാധിക്കാതിരിക്കുകയും നികുതി നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. പുതുക്കിയ നികുതി നിരക്ക് അടിയന്തിരമായി നടപ്പിലാക്കേണ്ടതും ഈ ഗണത്തിൽ നിശ്ചയിക്കുന്ന നികുതി നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതി ദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ, മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ്

ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയുടെ നികുതി നിരക്ക് ഭരണസമിതി തീരുമാനം എടുക്കുകയും, വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണ്. എന്നാൽ നാളിതു വരെ വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ റോഡുകളുടെ വിവരവും സഞ്ചയ സോഫ്റ്റ്‌വെയറിലെ റോഡ് മാസ്റ്റർ മൊഡ്യൂളിൽ കാലികമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (11/2020-21 /17.05.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ മൂലം ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, വസ്തുനികുതി വിജ്ഞാപനം പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

1-11 ബിൽഡിംഗ് പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

ഫയൽ നമ്പർ -5958/20/03/12/2020

ശ്രീ.കുര്യാക്കോസ് S/o മാത്യു, പാണ്ടം പാടത്തിൽ വീട്, വഴിക്കടവ്, ശ്രീ എം.ജെ തോമസ്, മറ്റത്തിൽ വീട്, കൂടരഞ്ഞി എന്നിവർ കൂടരഞ്ഞി വില്ലേജിലെ അൺ റിസർവ്വേയിൽ ഉൾപ്പെട്ട 1.0522 ഹെക്ടർ സ്ഥലത്ത് വഴിക്കടവ് സ്വയം സഹായ സംഘത്തിനായി വർക്കേഴ്സ് റൂം ഉൾപ്പെടെയുള്ള ഒരു പൗൾട്രി ഫാം നിർമ്മിക്കുന്നതിനുള്ള അനുമതിക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടം | തറവിസ്തീർണ്ണം |
|---|---|
| പൗൾട്രി ഫാം 1 | 235.62 ച.മീ |
| പൗൾട്രി ഫാം 2 | 230.01 ച.മീ |
| പൗൾട്രി ഫാം 3 | 232.98ച.മീ |
| പൗൾട്രി ഫാം 4 | 213.84 |
| പൗൾട്രി ഫാം 5 | 250.80 |
| വർക്കേഴ്സ് റൂം | 26.27 |
| ടോയിലറ്റ് സെക്ഷൻ | 14.08 ച.മീ |

| | |
|---|---|
| | 1203.06 ച.മീ |

മേൽ ഫയലിൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിനായി സെക്രട്ടറി എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്. അസി.എഞ്ചിനീയർ നടത്തി നൽകിയ സ്ഥലപരിശോധന റിപ്പോർട്ടിൽ കെട്ടിടങ്ങളുടെ നിർമ്മാണം നിലവിൽ പൂർത്തിയായതാണെന്നും, ആയതിനാൽ നിർമ്മാണം ക്രമവത്ക്കരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സൈറ്റിൽ ടോയിലറ്റ് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നിവ നിർമ്മിച്ചിട്ടില്ല എന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെന്നും, വർക്കേഴ്സിന്റെ എണ്ണം, പ്ലോട്ട് ബൗണ്ടറി എന്നിവ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് അപാകതകൾ ഉള്ളടക്കം ചെയ്ത് ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനർസമർപ്പിക്കുന്നതിനായി അപേക്ഷകർക്ക് എ2-5958/20/ 29/12/2020 പ്രകാരം സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല.

പൗൾട്രി ഫാം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കാതെ തന്നെ കെട്ടിടങ്ങളുടെ നിർമ്മാണം നിലവിൽ പൂർത്തിയായതാണെന്നും, ആയതിനാൽ നിർമ്മാണം ക്രമവത്ക്കരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിട്ടും അനധികൃത നിർമ്മാണത്തിനെതിരേ യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എഎ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയുടെ അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും, അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാത്തതിനാലും താഴെ പറയും പ്രകാരം നികുതി നഷ്ടം ഉണ്ടായതായി വിലയിരുത്തുന്നു.

1203.06 ച.മീx15=(18046+902)x3=വസ്തുനികുതിയിനത്തിൽ 54138/- രൂപയും ഗ്രന്ഥശാലാവരിയിനത്തിൽ 2707/- രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

സ്ഥലപരിശോധന നടത്തി കെട്ടിടം റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടിയും, അനധികൃത നിർമ്മാണത്തിനെതിരേയുള്ള നിയമപരമായ നടപടികളും സ്വീകരിച്ചതിന്റെ വിവരങ്ങളും, മേൽ അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കുന്നതിനായി നൽകിയ. ഓഡിറ്റ് എൻക്വയറി (02/2020-21/12.05.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥലപരിശോധന നടത്തി കെട്ടിടം റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത

നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ അനധികൃത നിർമ്മാണത്തിനെതിരേയുള്ള നിയമപരമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സെക്രട്ടറിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിൽ 54138/- രൂപയും ഗ്രന്ഥശാലാവരിയിനത്തിൽ 2707/- രൂപയും നഷ്ടം വന്ന തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി, നികുതി നിർണ്ണയ ഫയലുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പൂർത്തികരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചിട്ടില്ല.

| | |
|---|---|
| ഫയൽ നം | എ2/2708/20/16/06/2020 |
| ഉടമസ്ഥന്റെ പേര് വിവരങ്ങൾ | റോയി മനയാനിക്കൽ, കുമ്പാറ ബസാർ |
| പെർമിറ്റ് നമ്പർ | BT1 -9418/20/09.02.2021 |
| റി സർവ്വേ നമ്പർ | U S |
| പ്ലോട്ട് വിസ്തീർണ്ണം | .8782 ഹെക്ടർ - 2.17 ഏക്കർ |
| തറവിസ്തീർണ്ണം | 152.30 ച.മീ |
| ഉപയോഗക്രമം | ഹോളോ ബ്രിക്സ് യൂണിറ്റ് (G1 - ഒക്യുപെൻസി) |

റോയി മനയാനിക്കൽ എന്നയാളുടെ കെട്ടിട നിർമ്മാണ അനുമതി ഇല്ലാതെ നിർമ്മിച്ച ഹോളോ ബ്രിക്സ് യൂണിറ്റ് ക്രമവത്ക്കരിക്കുന്നതിനാണ് അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സ്ഥലപരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഓവർസീയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്. തുടർന്ന് ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഫീസ് ഈടാക്കി ടി കെട്ടിടത്തിന് റഗുലറൈസ് ചെയ്ത് നമ്പർ അനുവദിച്ച, 7/389 B കെട്ടിട നമ്പർ നൽകി ച.മീ ന് 40/- രൂപ നിരക്കിൽ ഇതരവ്യവസായം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ച് 2020-21 ഒന്നാം അർദ്ധ വർഷം മുതൽ വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചപ്പോൾ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതകൾ ചുവടെ ചേർക്കുന്നു.

1 . റെഗുലറൈസ്ഡ് പ്ലാൻ പ്രകാരം തറവിസ്തീർണ്ണം 152.30 ച.മീ ആണ്. എന്നാൽ നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം 140.9 ച.മീ മാത്രമാണ്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 11.40 ച.മീറ്റർ നികുതിയിൽ നിന്ന് ഒഴിവാക്കി (11.40X40+20% (വഴിസൗകര്യം) വർദ്ധനവ് – 10% (മേൽക്കൂരയുടെ ഇളവ്) = 493 രൂപ വസ്തുനികുതിയും, 5 രൂപ ഗ്രന്ഥാശാലാവരിയും നഷ്ടം ഓരോ വർഷവും ഉണ്ടായിട്ടുണ്ട്.

2. മേൽ പ്രതിപാദിച്ച കെട്ടിടത്തിന്റെ വൺടേം ടാക്സ് അടവാക്കാൻ താമരശ്ശേരി തഹസിൽദാർ കണക്കാക്കിയ തറവിസ്തീർണ്ണം 195.515 ച.മീറ്ററുമാണ് വ്യത്യാസത്തിന് കാരണം വ്യക്തമല്ല

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (01/2020-21/12.05.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 493/- രൂപ വസ്തു നികുതിയും, 5 രൂപ ഗ്രന്ഥാശാലാവരിയും ഉത്തരവാദിയിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതും, വസ്തുനികുതി നിർണയത്തിലെ അപാകതമൂലം തനത് ഫണ്ട് ചോർച്ച ഉണ്ടാവുന്നില്ലെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

1-13 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 30/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാം ചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന നിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽ വിലാസം | കെട്ടിട നമ്പർ തറ വിസ്തീർണ്ണം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ശ്രീമതി ഷമീന അടിമാരിക്കര വീട്, മാനിപുരം (പി.ഒ) | 1/80 C മുതൽ1/80 F വരെ - 161.63 ച.മീ | 161.63 ച.മീ | 40.4075x30+20% =1528 +73<br>40.4075x30+20% =1528 +73<br>40.4075x30+20 %-5%=1453 +73<br>40.4075x30+20 %-5%=1453 +73<br>5962+286 | 40.4075x50+20% = 2424 +121<br>40.4075x50+20% = 2424 +121<br>40.4075x50+20 %-5%=2323+116<br>40.4075x50+20 %-5%=2323+116<br>9494+475 |

മേൽ കെട്ടിടത്തിന്റെ ക്രമവത്ക്കരണ പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി 100 M²ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 50/- രൂപ എന്ന് കണക്കാക്കാതെ പൂർത്തികരിച്ച 161.63 ച.മീ തറവിസ്തീർ ണ്ണത്തിന് 100 M²ന് വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപ എന്ന രീതിയിൽ കണക്കാക്കാത്തതിനാൽ വസ്തുനികുതി ഈടാക്കിയതിൽ തൻവർഷം മുതൽ 3532/- രൂപയും, ലൈബ്രറി സെസ്സിനത്തില് 189/- രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2020-21 /17.05.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ സ്റ്റേജ് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

1-14 വസ്തുനികുതി - കുടിശ്ശിക പെരുകുന്നു.

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ന്യൂബിൽഡിംഗ് രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരം ലഭ്യമായ വസ്തുതകൾ പ്രകാരമുള്ള കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| തൻവർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റെസിഡൻഷ്യൽ | 895651 | 787850 | 102634 |
| നോൺ റെസിഡൻഷ്യൽ | 1743589 | 1554963 | 197662 |
| കുടിശ്ശിക | | | |
| റെസിഡൻഷ്യൽ | 82153 | 50160 | 31993 |
| നോൺ റെസിഡൻഷ്യൽ | 312598 | 190093 | 122505 |
| ആകെ | 30,33,991 | 2583066 | 4,54,794 |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരവും, നിലവിലെ കുടിശ്ശിക വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2020-21/ 17.05.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-15 തൊഴിൽ നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ, അർദ്ധ വാർഷിക

റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മരഞ്ചാട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം | രണ്ടാം അർദ്ധവർഷം |
| 2 | കൂടരഞ്ഞി ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |
| 3 | പൂവാറൻതോട് ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും, രണ്ടും അർദ്ധവർഷം |
| 4 | നേഷനൽ കയർ ഇൻഡസ്ട്രീസ്, കൂടരഞ്ഞി | രണ്ടാം അർദ്ധവർഷം |
| 5 | ഫ്യൂവൽ വാലി, കൂടരഞ്ഞി | രണ്ടാം അർദ്ധ വർഷം |
| 6 | സൂപ്പർ സാന്റ്, മരഞ്ചാട്ടി | രണ്ടാം അർദ്ധ വർഷം |
| 7 | പട്ടോത്ത് സ്റ്റോൺ വർക്സ്, കൂടരഞ്ഞി | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 8 | മാതാ ഇൻഡസ്ട്രീസ്, ക്ലമ്പാറ | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി രജിസ്റ്ററിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ സ്ഥാപനങ്ങളുൾപ്പെടെ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 3 വർഷ കാലാവധി കഴിഞ്ഞാൽ കാലഹരണം സംഭവിക്കുന്നതിനാൽ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം കൃത്യമായും യഥാസമയം ലഭിക്കുന്നു എന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-16 വാടക- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ 8 മുറികളാണ് ഉള്ളത്. ആയതിൽ 1 മുറി ഗ്രാമപഞ്ചായത്തിന്റെ ജീപ്പ് ഷെഡ് ആയി ഉപയോഗിക്കുന്നുണ്ട്. വാടക രജിസ്റ്ററിൽ വാടകയ്ക്ക് നല്കുന്ന എല്ലാ മുറികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

7 മുറികൾ വാടകയ്ക്ക് നൽകുന്നതിൽ നിലവിൽ 3 മുറികൾ (14/508, 14/504 A, 14/509) കോഴിക്കോട് മുൻസിഫ് കോടതി II(P) യിൽ O. S 511 നമ്പർ പ്രകാരം കേസിൽ ഉൾപ്പെട്ടതിനാൽ വാടക ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കേസിൽ ഉൾപ്പെട്ട മുറികളുടെ വാടക വാർഷിക കണക്ക് പ്രകാരം ഡിമാന്റ് ചെയ്തതായി കാണുന്നില്ല. കൂടാതെ 14/506 A നമ്പർ മുറി വാടകയ്ക്ക് നല്കിയിരുന്നോ എന്നത് രജിസ്റ്റർ പ്രകാരം വ്യക്തമല്ല. വാടക രജിസ്റ്ററിൽ വാടക ഇനത്തിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. 2020-21 വർഷം വാടക ഈടാക്കിയ മുറികൾക്ക് (14/505, 14/506, 14/507) എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും വാടക എഗ്രിമെന്റിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പ് വയ്ക്കുകയോ ചെയ്യുന്നില്ല.

വാടക രജിസ്റ്ററിൽ എല്ലാ മുറികളുടെയും വിവരങ്ങൾ രേഖപ്പെടുത്താത്തതിനും എഗ്രിമെന്റ് അപൂർണ്ണമായി സൂക്ഷിക്കുന്നതിനും മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തി യഥാസമയം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 പഴയ കെട്ടിടങ്ങളിൽ നവീകരണ പ്രവൃത്തികളിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിങ്ങ് നടത്തിയതിനാൽ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ചില പദ്ധതികളിൽ സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാർക്ക് ലഭിച്ചു. കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികൾ ഉൾപ്പെട്ടനവീകരണ പ്രവൃത്തികളിൽ. ചുമരുകളുടെ പെയിന്റിംഗിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR -ലെ 13.60.1എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിംന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിംന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14 -ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ M2 ന് 72.41/- രൂപയാകുമായിരുന്ന നിരക്ക് (കോസ്റ്റ് ഇൻഡക്സ് 31.06%) താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കെട്ടിടത്തിലെയും മറ്റും ഗ്രിൽസ്, ജനൽ, ഹാന്റ് റെയിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ പെയിംന്റിഗിനായി ഉൾപ്പെടുത്തിയ ഇനം 13.61.1 ആണ്. എന്നാൽ മേൽ ഇനത്തിന്റെ വിവരണത്തിൽ പുതിയ നിർമ്മിതിയ്ക്ക് മുകളിൽ ചെയ്യേണ്ട പെയിംന്റിംഗ് പ്രവൃത്തിയാണിത്. DAR ലെ അദ്ധ്യായം 14ൽ ഐറ്റം 14.54.1 ആണ് പഴയ നിർമ്മിതിയ്ക്ക് മുകളിലെ പെയിന്റിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ടത്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ 67.23/-രൂപയാകുമായിരുന്ന നിരക്ക് (കോസ്റ്റ് ഇൻഡക്സ് 31.06%) പ്രസ്തുത ഐറ്റം ഉൾപ്പെടുത്താത്തതിനാൽ അധികച്ചെലവുണ്ടായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | പ്രവൃത്തി ഇനം | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | അധിക ചെലവ് | ബിൽ നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1) 111/20-21 പൂവാറം തോട് സാംസ്കാരിക നിലയം. കരാറുകാരൻ ശ്രീ.നോബി ജോൺ | 13.61.1 എം.ബുക്ക് 245/20-21 | 30.24 M2 X102.75 =3107 | 30.24 M2x 67.23 =2033 | 3107-2033 =1074 | 367599/ 28.3.21 |

| | | | | | |
|---|---|---|---|---|---|
| 2) 270/20-21 കുമ്പാറ ട്രൈബൽ സ്കൂൾ . കരാറുകാരൻ ശ്രീ.അഷ്റഫ് | 13.61.1 എം.ബുക്ക് 193,261/ 20-21 | 20.26 M2 X102.75 =2082 | 20.26 M2x 67.23 =1362 | 2082-1362 =720 | 421003/ 29.3.21 |
| 3) 125/20-21 പൂവാറം തോട് എൽ.പി.സ്കൂൾ നവീകരണം. കരാറുകാരൻ ശ്രീ.മോഹനൻ | 13.60.1 എം.ബുക്ക് 191/19-20 | 190.73 M2 X110.68 =21109 | 190.73 M2x 72.41 =13811 | 21109-13811 =7298 | 612712/ 13.10.20 |
| 4) 125/20-21 പൂവാറം തോട് എൽ.പി.സ്കൂൾ നവീകരണം. കരാറുകാരൻ ശ്രീ.മോഹനൻ | 13.61.1 എം.ബുക്ക് 191/19-20 | 95.1725 M2 X102.75 =9779 | 95.1725 M2x 67.23 =6398 | 9779-6398 =3381 | 612712/ 13.10.20 |
| 5) 105/20-21 മൃഗാശുപത്രി പരിഷ്കരണം. കരാറുകാരൻ ശ്രീ.മൻസൂർ | 13.61.1 എം.ബുക്ക് 164, 234/ 19-20 | 113.21 M2 X102.75 =11632 | 113.21 M2x 67.23 =7611 | 11632-7611 =4021 | 67513/ 29.9.20 |
| 6) 192/20-21 കുമ്പാറ മൃഗാശുപത്രി പരിഷ്കരണം. കരാറുകാരൻ ശ്രീ.നാസർ | 13.61.1 എം.ബുക്ക് 52/18-19 | 39.81 M2 X102.75 =4090 | 39.81 M2x 67.23 =2676 | 4090-2676 =1414 | 653057/ 5.4.20 |
| | | | ആകെ | 17908 | |

മുകളിൽ വിവരിച്ച രീതിയിൽ റിപ്പയർ വർക്കുകൾക്ക് പുതിയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം. 16/20 -21 തിയ്യതി 17.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ നിരക്ക് അനുവദിച്ച് അധികചെലവ് വരുത്തിയ

തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-18 ടെണ്ടർ നടപടികൾ സുതാര്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികളിൽ ടെണ്ടർ നടപടിക്രമങ്ങളിൽ അപാകതയുള്ളതായി കാണുന്നു .

1) ടെണ്ടർ കുറവ് ക്വാട്ടു ചെയ്ത കരാറുകാരെ പരിഗണിക്കാതെ പുതിയ ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റ് റേറ്റിൽ പ്രവൃത്തി നടപ്പിലാക്കിയത് വഴി 79434 രൂപ യുടെ നഷ്ടം

പ്രവൃത്തി : 220/20-21 (സ്പിൽ ഓവർ) കക്കാടം പൊയിൽ സ്കൂൾ നവീകരണം

കരാർ തുക : 356397

ചെലവ് തുക : 399165 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

ബിൽ നമ്പർ : 480908/27.8.20

കരാറുകാരൻ : ശ്രീ.മോഹനൻ, കെ. എം

കരാർ :60/19-20/7.2.20

കക്കാടം പൊയിൽ സ്കൂൾ നവീകരണത്തിനായി തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 24.7.2019 ൽ നടന്ന ടെണ്ടറിൽ നാല് കരാറുകാർ പങ്കെടുക്കുകയും താഴെകാണിച്ച പ്രകാരം ടെണ്ടർ കുറവ് ക്വോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കരാറുകാർക്കൊന്നും പ്രവർത്തി ഏൽപ്പിക്കാതെ 23.1.20 ന് ടെണ്ടർ വീണ്ടും നടത്തി. ഈ ടെണ്ടറിൽ രണ്ട് കരാറുകാർ മാത്രമാണ് പങ്കെടു ത്തത്. (ശ്രീ.അഷ്റഫ് ഇ.കെ 4% അധിക നിരക്ക് ശ്രീ.മോഹനൻ, കെ. എം എസ്റ്റിമേറ്റ് റേറ്റ്) എസ്റ്റിമേറ്റ് റേറ്റിൽ ശ്രീ.മോഹനൻ, കെ. എം ന് പ്രവൃത്തി ഏൽപ്പിക്കുകയും ഈ കരാറുകാർക്കെല്ലാം ഇ.എം.ഡി തിരിച്ചു നൽകുകയും ചെയ്തു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് | ഇ.എം.ഡി. തിരിച്ച നൽകിയ തിയ്യതി |
|---|---|---|
| ശ്രീ.നാസർ.കെ.പി | 19.9 % കുറവ് | 26.9.19 |
| ശ്രീ.ദനീഷ് | 10 % കുറവ് | 14.3.20 |
| ശ്രീ.അബ്ദുൾ നാസർ | 10.1 % കുറവ് | 20.5.20 |
| ശ്രീ.സെബാസ്റ്റ്യൻ | 14 % കുറവ് | 9.10.19 |

പ്രവൃത്തിയ്ക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 4 കരാറുകാർക്കും പ്രവൃത്തി ഏൽപ്പിക്കാതിരുന്നതിന് കാരണം വ്യക്തമല്ല. ഇപ്രകാരം ചെയ്യുക വഴി 79434/- രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 356397 |
| 19.9% ടെണ്ടർ കുറവ് | 70923 |
| ബാക്കി | 285474 |
| 12% GST | 34257 |
| ആകെ | 319731 |
| അധികം നൽകിയ തുക | 79434 (399165-319731 =79434) |

കൂടാതെ രണ്ടാമതും ടെണ്ടർ വിളിച്ചതിന്റെ അധിക ചെലവും ഉണ്ടായിട്ടുണ്ട്.

2) ടെണ്ടർ ഫോറത്തിൽ തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നടപ്പിലാക്കിയതു മൂലം 78120 രൂപയുടെ നഷ്ടം

പ്രവൃത്തി : 127/20-21 കള്ളിപ്പാറ അങ്കണവാടി നവീകരണം

കരാർ തുക : 401786

ചെലവ് തുക : 450000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

ബിൽ നമ്പർ : 383397/26.3.21

കരാറുകാരൻ : ശ്രീ.സിനോ ജോസഫ്

കരാർ :25/20-21/29.6.20

ഈ പ്രവൃത്തിക്കായി 01.6.20 ന് നടന്ന ടെണ്ടറിൽ രണ്ട് പേർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ശ്രീ.അഷ്റഫ് 5% കൂടിയ നിരക്കിലും ശ്രീ.സിനോ ജോസഫ് 17.36% കുറവ് നിരക്കുമാണ് രേഖപ്പെടുത്തിയത്. എന്നാൽ ശ്രീ.സിനോ ജോസഫ് ന്റെ ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് എന്ന് തിരുത്തി ടിയാനുമായി എസ്റ്റിമേറ്റ് നിരക്കിന് പ്രവൃത്തി കരാറിലേർപ്പെടുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട് ടെണ്ടറിൽ വരുത്തിയ തിരുത്തൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ടെണ്ടറിൽ തിരുത്തലുകൾ വരുത്തിയതു മൂലം പഞ്ചായത്തിന് 78120/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 401786 |
| 17.36% ടെണ്ടർ കുറവ് | 69750 |
| ബാക്കി | 332036 |
| 12% GST | 39844 |
| ആകെ | 371880 |
| അധികം നൽകിയ തുക | 78120<br>(450000- 371880 = 78120) |

അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/2020-21 17.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ അധിക ചെലവ് വരുത്തിയ തുക 157554/- രൂപ (79434+78120) ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 എൻ.ആർ.ഇ.ജി.എസ് പ്രവൃത്തി , ക്വാട്ട് ചെയ്ത നിരക്കിനേക്കാളും കൂടുതൽ നിരക്കിന് മെറ്റീരിയൽ വാങ്ങി

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് മെറ്റീരിയൽ വിതരണം ചെയ്യാൻ വെണ്ടർമാരിൽ നിന്ന് ടെൻഡർ ക്ഷണിച്ചതിൽ, ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ആളെ ഒഴിവാക്കി മറ്റൊരാൾക്ക് ടെൻഡർ അനുവദിച്ചതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. താഴെ കൊടുത്ത രണ്ട് പ്രവൃത്തികൾക്കാണ് ഇത്തരത്തിൽ ടെൻഡർ അനുവദിച്ചത്.

| | പ്രവൃത്തിയുടെ പേര്, വിശദാംശം | ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ടെൻഡർ/നിരക്ക് | ടെൻഡർ ലഭിച്ച വെണ്ടർ/നിരക്ക് |
|---|---|---|---|
| 1 | മേടപ്പാറ-ഉടുമ്പ്പാറ റോഡ് എസ്റ്റിമേറ്റ് 5 ലക്ഷം | അഷ്റഫ് എ 10.5% കുറവ് | കുടരഞ്ഞി റീജിയണൽ അഗ്രിക്കൾച്ചർ സൊസൈറ്റി 6.1% കുറവ് |
| 2 | കുരങ്ങത്ത്പാറ കൊട്ടാരംമല റോഡ് എസ്റ്റിമേറ്റ് 5 ലക്ഷം | മുഹമ്മദ് ലായിസ് 16.85% കുറവ് | സിനോ ജോസഫ് 12.18 % കുറവ് |

ഈ നടപടിയിലൂടെ ഗ്രാമപഞ്ചായത്തിന് വന്ന നഷ്ടം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്/ കരാറുകാരൻ ടെൻഡർ കുറവ് | വിതരണം ചെയ്ത മെറ്റീരിയൽ/ അളവ് | നിരക്ക് അനുവദിച്ച തിന് | തുക | ഏറ്റവും കുറവ് ക്വാട്ട് ചെയ്തവയ്ക്ക് അനുവദി ക്കാവുന്ന തുക | അധികം അനുവ ദിച്ചത് |
|---|---|---|---|---|---|
| മേടപ്പാറ-ഉടുമ്പ്പാറ റോഡ് കുടരഞ്ഞി റീജിയണൽ അഗ്രിക്കൾച്ചർ സൊസൈറ്റി 6.1% കുറവ് | 40 എം.എം 35.1 എം$^3$ | 1900/1784.1 | 62622 | അഷ്റഫ്.എ 1700.5/ 59687.55 | 2934.45 |

| | | | | | |
|---|---|---|---|---|---|
| | 20 എം.എം<br>14.85 | 2050/<br>1912.74 | 28404 | 1834.75/<br>27246 | 1157.96 |
| | 10 എം.എം<br>7.425 | 2050/<br>1877.98 | 13944 | 1834.75/<br>13623 | 321.00 |
| | എം.സാന്റ്<br>30.0375 | 2200/<br>2020.56 | 60693 | 1969/<br>59143.84 | 1549.16 |
| | സിമന്റ്<br>432 ബാഗ് | 400/ 375.6 | 162259 | 358/<br>1546.56 | 7603 |
| | | | | | 13566 |
| കുരങ്ങത്ത്പാറ കൊട്ടാരം മല റോഡ്<br>സിനോ ജോസ്<br>12.18 % കുറവ് | ക്വാറി വേസ്റ്റ്<br>42.884 എം$^3$ | 1250/<br>1097.75 | 47076 | മുഹമ്മദ് ലായിസ്<br>16.85% കുറവ്<br>1039.375/<br>44572.55 | 2503.44 |
| | 40 എം.എം മെറ്റൽ<br>34.252 എം$^3$ | 1900/<br>1668.58 | 57152 | 1579.85/<br>54113 | 3038.97 |
| | 20 എം.എം മെറ്റൽ<br>13.592 എം$^3$ | 2050/<br>1800.31 | 24470 | 1704.58/<br>23168.65 | 1301.35 |
| | 10 എം.എം മെറ്റൽ<br>7.612 എം$^3$ | 2050/<br>1800.31 | 13704 | 1704.58/<br>12975.26 | 728.74 |
| | എം.സാന്റ്<br>29.903 എം$^3$ | 2200/<br>1932.04 | 57774 | 1829.3/<br>54701.56 | 3072.44 |
| | സിമന്റ്<br>384 ബാഗ് | 400/<br>351.28 | 134892 | 332.6/<br>127718.4 | 7173.6 |
| | | | | | 17819 |

മേൽ രണ്ട് പ്രവൃത്തികളിലും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത വെണ്ടർമാർ ടെൻഡറിന് ശേഷം പിൻമാറുകയായിരുന്നു. 09.09.2020 ലെ അജണ്ട 3, 20.10.2020 ലെ അജണ്ട 1 എന്നിവയിലെ തീരുമാനങ്ങൾ കാണുക. ഈ സാഹചര്യത്തിൽ തൊട്ടടുത്ത വെണ്ടറിൽ മെറ്റീരിയൽ സപ്ലൈ ചെയ്യാൻ ഓർഡർ കൊടുക്കുമ്പോൾ, ആദ്യ ടെൻഡറിലെ വ്യത്യാസമുള്ള, ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്ന തുക, ഏറ്റവും കുറവ് ക്വാട്ട് ചെയ്ത വെണ്ടറുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് ഈടാക്കേണ്ടതാണ്. തുക 17819.1 + 13566 = 31385/- രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

1-20 കരാർ പ്രകാരം പ്രവൃത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളും കരാറുകാർ സമയ ബന്ധിതമായി പൂർത്തിയാക്കുന്നില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തതിന്ന് കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുക്കുന്നില്ല. പല പ്രവൃത്തികളിലും കരാറുകാർ പ്രവൃത്തി തുടങ്ങുന്നത് തന്നെ കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിലും പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്വത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങളായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 124/20-21 പി.എച്ച്.സി പൂർത്തീകരണ പ്രവർത്തി | 399099 (റോഡിതര മെയിന്റനൻസ് ഫണ്ട്, ബിൽ നം. 379630/ 26.3.21) | ശ്രീ.സിനോ ജോസഫ് 23/20-21 / 29.6.20 എം. ബുക്ക് 249/20-21 | 3മാസം 29.6.20 23.3.21 | പി. എ. സി തുക 423360 രൂപയുടെ (3%) 12701രൂപ |
| 2 | 147/20-21 കുളിരാമുട്ടി അങ്കണവാടി റിനോവേഷൻ | 125888 റോഡിതര മെയിന്റനൻസ് ഫണ്ട്, ബിൽ നം.92218/ 27.3.21 | ശ്രീ.ബേബി ജോൺ 15/20-21 /29.06.20 എം. ബുക്ക് 299/15-16 | 3 മാസം 29.06.20 8.1.21 | പി. എ. സി തുക 149925 രൂപ യുടെ (3%) 4498 രൂപ |

| | | | | | |
|---|---|---|---|---|---|
| 3 | 127/20-21 കള്ളിപ്പാറ അങ്കണവാടി നവീകരണം | 450000 (റോഡിതര മെയിന്റനൻസ് ഫണ്ട്, ബിൽ നം.67496/ 29.9.20 | ശ്രീ.ശ്രീ.സിനോ ജോസഫ് 25/20-21 /29.06.20 എം. ബുക്ക് 295, 239/20-21 | 3 മാസം 29.06.20 18.02.21 | പി. എ. സി തുക 401786 രൂപ യുടെ (3%) 12054 രൂപ |
| 4 | 218/20-21 ആയുർവ്വേദ ആശുപത്രി നവീകരണം | 106039 (റോഡിതര മെയിന്റനൻസ് ഫണ്ട്, ബിൽ നം.67496/ 29.9.20 | ശ്രീ.നാസർ. കെ.പി 34/19-20 /11.11.19 എം. ബുക്ക് 162/19-20, 251/18-19 | 3 മാസം 11.11.19 19.6.20 | പി. എ. സി തുക 133071 രൂപ യുടെ (3%) 3992 രൂപ |
| 5 | 208/20-21 പട്ടോത്ത് കോട്ടത്താം കടവ് മുല്ലോളി പ്പറമ്പ് റോഡ് | 399724 (ധനകാര്യ കമ്മീഷൻ ഫണ്ട്, ബിൽ നം.19145/ 5.03.21) | ശ്രീ.സിനോ ജോസഫ് 42/19-20 / 15.11.19 എം. ബുക്ക് 167/19-20, | 3മാസം 15.11.19 27.12.20 | പി. എ. സി തുക 356897 രൂപയുടെ (3%) 10707 രൂപ |
| 6 | 164/20-21 പാറക്കേളനി കുടിവെള്ള ടാങ്ക് | 80855 (റോഡിതര മെയിന്റനൻസ് ഫണ്ട്, ബിൽ നം.58284/ 11.4.20 | ശ്രീ. സിനോ ജോസഫ് 3/18-2019 /14.8.2018 എം. ബുക്ക് 48/18-19,218 /19-20 | 3മാസം 14.8.2018 1.3.20 | പി. എ. സി തുക 85000 രൂപ യുടെ (3%) 2550 രൂപ |
| 7 | 234/20-21 കുട്ടക്കര എസ്.സി കോളനി | 239271 (വികസന ഫണ്ട് എസ്.സി.പി) | ശ്രീ.ജോയ് അഗസ്റ്റിൻ 34/20-21 / 24.9.20 | 3മാസം 24.9.20 23.4.21 | പി. എ. സി തുക 270461 രൂപ |

| | | | | | |
|---|---|---|---|---|---|
| | ജനവിദ്യാ കേന്ദ്രം | ബിൽ നമ്പർ 420980/ 29.3.21 | എം. ബുക്ക് 321, 251/20-21, | | യുടെ (3%) 8114 രൂപ |
| 8 | 208/20.21 കുമ്പാറ അമ്പലപ്പടി റോഡ് കൾവർട്ട് | 766498 (73554- ധനകാര്യ കമ്മീഷൻ ഫണ്ട്, 692944- റോഡിതര മെയിന്റ നൻസ് ഫണ്ട്, ബിൽ നമ്പർ 957858/ 18.1.21, 293049/ 19.3.21 | ശ്രീ.ബിജോ. കെ.പി 58/19-20 / 12.2.20 എം. ബുക്ക് 182, 183, 196/119-20 | 3 മാസം 12.2.20 8.3.21 | പി. എ. സി തുക 702542 രൂപ യുടെ (3%) 21076 രൂപ |
| 9 | 224/20.21 പുലിന ന്താനം പടി മുണ്ടമല റോഡ് | 337325 (റോഡിതര മെയിന്റ നൻസ് ഫണ്ട്, ബിൽ നമ്പർ 1179811/ 3.3.21 | ശ്രീ.ഷിജിൽ. പി.യു 19/19-20 / 02.11.2019 എം. ബുക്ക് 128/17-18 | 3 മാസം 02.11.2019 5.1.21 | പി. എ. സി തുക 333455 രൂപ യുടെ (3%) 10004 രൂപ |
| | | | | ആകെ | 85696 |

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ. പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർമ്മിതിൽ ഒവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാർ അപേക്ഷ നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം

ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.2.2012 തിയ്യതിയിലെ ജി.ഒ (പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ എ. ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/2020-21 17.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ആയി ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. 85696/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-21 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജ.ഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്റ്റ് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി/ കരാറുകാരൻ | പിഎസി യുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | കുളിരാമൂട്ടി ബൈപ്പാസ് റോഡ് 16/21 (ബിൽ 1179817/3.3.21 -539154(രൂപ) കരാർ തുക 481387 | 30.10.20 | 66/20-21/23.12.20 ശ്രീ.മോഹനൻ.സി | 4813 |

| | | | | |
|---|---|---|---|---|
| 2 | മുതുവനായി തോണ്ടൂർ കണ്ടി റോഡ് 73/21 (ബിൽ 248097/ 3.3.21 – 399217 രൂപ) കരാർ തുക 356443 | 30.10.20 | 68/20-21/23.12.20 KLCCS | 3564 |
| 3 | ആനയോട് പെരുമ്പള റോഡ് 52/21 (ബിൽ 367443/ 26.3.21 – 149431/-) കരാർ തുക 155818 | 30.10.20 | 59/20-21 23.12.20 ശ്രീ.പി.സി.ജോർജ് | 1558 |
| 4 | മങ്ങലത്ത് കോട്ടപ്പടി റോഡ് 48/21 (ബിൽ 221809/ 10.3.21-229949/-) കരാർ തുക 205311 | 30.10.20 | 60/20-21 23.12.20 ശ്രീ.പി.സി.ജോർജ് | 2053 |
| 5 | കുമ്പാറ ട്രൈബൽ സ്കൂൾ ടോയ്ലെറ്റ് 270/21 (ബിൽ 421003/ 29.3.21 – 260000 /-) കരാർ തുക 231989.67 | 30.10.20 | 59/20-21 23.12.20 ശ്രീ.അഷ്റഫ് | 2319 |
| 6 | പൂവാറന്തോട് കല്ലന്പുല്ല് എസ്ടി കോളനി ജനവിദ്യാകേന്ദ്രം 126/21 (ബിൽ 357401/ 25.3.21 – 393407/-) കരാർ തുക 373816 | 30.10.20 | 73/20-21 23.12.20 KLCCS | 3738 |
| 7 | കുട്ടക്കര എസ് സി കോളനി ജനവിദ്യാകേന്ദ്രം | 15.6.20 | 34/20-21 24.9.20 ശ്രീ.ജോയ് | 2704 |

| | | | | |
|---|---|---|---|---|
| | 234/21<br>(ബിൽ 420980/29.3.21<br>-239271/-)<br>കരാർ തുക 270461 | | അഗസ്റ്റിൻ | |
| 8 | കുമ്പാറ അമ്പലപ്പടി<br>റോഡ് ഡ്രെയിനേജ്<br>43/21<br>(ബിൽ 367471/<br>26.3.21 –<br>270000 /-)<br>കരാർ തുക 240271 | 30.10.20 | 61/20-21 23.12.20<br>ശ്രീ.പി.സി.ജോർജ് | 2402 |
| 9 | കക്കാടം പോയിൽ<br>ചീങ്കണ്ണി റോഡ് 30/21<br>(ബിൽ 293049/19.3.21 -<br>479948)<br>കരാർ തുക 428524 | 30.10.20 | 60/20-21 23.12.20<br>ശ്രീ.സണ്ണി<br>ആക്കൽ | 4285 |
| | | | ആകെ | 27436 |

മേൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് പിന്നീട് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/2020-21 17.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 27436/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിവിവരം അറിയിക്കേണ്ടതാണ്. 27436/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-22 സംസ്കരണ സ്ഥലത്തേക്ക് മാലിന്യം കൊണ്ടു പോകൽ പദ്ധതി നിർവ്വഹണം-അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

പ്രോജക്ട് നമ്പർ : 274/221

വകയിരുത്തിയ തുക : 200000 (സി.എഫ്.സി.ഗ്രാന്റ് )

ചെലവ് : 200000

ബിൽ നമ്പർ : 41/30-3-21

വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന മുഴുവൻ അജൈവ മാലിന്യങ്ങളും ശുചിത്വ മിഷൻ എംപാനൽ ചെയ്ത ഏജൻസി വഴി നീക്കം ചെയ്തു കൊണ്ട് പോവുക എന്നതാണ് പ്രോജക്ടിന്റെ ഉദ്ദേശ്യം. 17/1(2)/ 17-2-2020 ഭരണസമിതി തീരുമാന പ്രകാരം ഹരിതകർമ്മ സേനാംഗങ്ങൾ തരം തിരിച്ച എം.സി.എഫിലെ അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്) ഏറ്റെടുത്ത് തുക ലഭ്യമാക്കുന്നതിന് ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട് എന്ന ഏജൻസിയുമായി കരാർ വച്ചിട്ടുണ്ട് (നമ്പർ 7/20-21 തീയതി 9-10-2020) . കൂടാതെ എം.സി.എഫിലെ റിജക്റ്റ്സ് 1 കിലോ നീക്കം ചെയ്യാൻ 7.50 രൂപ നിറവിന് നൽകുകയും വേണം. 2-2-2021 ലെ നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റിന്റെ വർക്ക് ബിൽ പ്രകാരം 37410 കി.ഗ്രാം മാലിന്യം നീക്കം ചെയ്തതിന് 7.50 രൂപ നിരക്കിൽ ആകെ 280575/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 200000/- രൂപ തൻവർഷം ഏജൻസിക്ക് നൽകുന്നതിന് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട് (198000/- രൂപ നിറവിനും 2000/- രൂപ ജി.എസ്.ടിയും ഉൾപ്പെടെ).

പ്രോജക്ട് പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. നിറവുമായുണ്ടാക്കിയ കരാർ വ്യവസ്ഥയിലെ നമ്പർ 10 വ്യവസ്ഥ പ്രകാരം പഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ നിറവ് സെഗ്രിഗേഷൻ & റീസൈക്ലിംഗ് യൂണിറ്റിലേക്ക് കൊണ്ടുപോകുന്നതും ആയത് പ്രസ്തുത യൂണിറ്റിൽ ഏൽപ്പിച്ച വാഹന നമ്പർ സഹിതം രസീതി കൃത്യമായി വാങ്ങേണ്ടതും പ്രസ്തുത രശീതി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. വ്യവസ്ഥ നമ്പർ 14 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച ബില്ലിനൊപ്പം ലോഡ് കയറ്റിയത് സംബന്ധിച്ച അളവ് പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രേഖ പഞ്ചായത്ത് ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്. അപ്രകാരമുള്ള രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിറവ് നൽകിയ വർക്ക് ബിൽ പ്രകാരമുള്ള തുക നൽകുക മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്.

3. നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് പഞ്ചായത്തുമായുണ്ടാക്കിയ കരാർ പ്രകാരം നൽകിയ തുകയുടെ ഇൻകം ടാക്സ് ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. പ്രോജക്ട് പ്രകാരമുള്ള മാലിന്യ ശേഖരണം, സംഭരണം, നിറവ് സെഗ്രിഗേഷൻ യൂണിറ്റിലേക്ക് കൊണ്ടുപോകൽ എന്നിവ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(4/20-21 തീയതി.16-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 200000/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ സഹിതം വ്യക്തമായ മറുപടി നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്കുകൾ പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോഴിക്കോടിന് ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/ തീയതി ചെലവഴിച്ച തുക/ഫണ്ടിനം |
|---|---|---|
| 1. | 157/21 കല്ലും പുല്ല് പുന്നക്കടവ് എസ്.സി കോളനികൾക്ക് കുഴൽകിണർ നിർമ്മാണം. | 23/12-2-21 42865 (വി. ഫണ്ട്. ടി.എസ്.പി) |
| 2. | 160/21 കള്ളിപ്പാറ അങ്കണവാടി കുഴൽ കിണർ | 25/12-2-21 37805 (സി.എഫ്.സി ഗ്രാന്റ്) |
| 3. | 229/21 പി.എച്ച്.സി കുഴൽകിണർ, മോട്ടോർ - അനുബന്ധ പ്രവൃത്തികൾ | 30/12-2-21 34905 (സി.എഫ്.സി ഗ്രാന്റ്) |
| | ആകെ | 115575 |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാ ണെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ എൻക്വയറിക്ക് (5/2020-21 തീയതി 16 .5.2022) മറുപടി നൽകിയിട്ടില്ല. 115575/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-24 എസ്.എസ്.എ- പദ്ധതി -പദ്ധതി രൂപീകരണത്തിൽ - പഞ്ചായത്ത് പങ്ക് വഹിച്ചില്ല,വിനിയോഗവിവരം ലഭ്യമല്ല.

പ്രോജക്ട് നം - 7/2021

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 200000

ചെലവ് - 200000 (ബിൽ നം.2/20-21തീ.24.09.20)

മേൽ പ്രോജക്ട് പ്രകാരം തൻവർഷം 2 ലക്ഷം രൂപ എസ്.എസ്.എ വിഹിതമായി എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസിന് അയച്ച നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്)11/18 ത.സ്വ.ഭ.വ.29.1.2018 ഖണ്ഡിക 7.6 പ്രകാരം എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്ക് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിഹിതം അടവാക്കിയതല്ലാതെ അടവാക്കിയ തുകയുടെ രസീതി, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(3/20-21 തീയ്യതി:16-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അടവാക്കിയ തുകയുടെ രസീതി, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1-25 വീട് വാസയോഗ്യമാക്കൽ (എസ്.സി) എഗ്രിമെന്റ് വെച്ച ഗുണഭോക്താവ് - നാളിതുവരെ പണി പൂർത്തിയാക്കിയില്ല.

നിർവ്വഹണം : വി.ഇ.ഒ

2019-20

പ്രോജക്ട് നമ്പർ : 30/20

| വകയിരുത്തിയ തുക | ചെലവു തുക |
|---|---|
| 767000 (വികസന ഫണ്ട്) + 952941 (എസ്.സി.പി) +80059 (തനത് ഫണ്ട്) = 1800000 | 150000 (വികസന ഫണ്ട്) |

2020-21

പ്രോജക്ട് നമ്പർ -173/21 (സ്പിൽ ഓവർ)

| വകയിരുത്തിയ തുക | ചെലവു തുക |
|---|---|
| 257000 (വികസന ഫണ്ട്) + | 129059 (വികസന |

| | |
|---|---|
| 712941 (എസ്.സി.പി) + 80059 (തനതു ഫണ്ട്) = 1050000 | ഫണ്ട്) + 712941 (എസ്.സി.പി) = 842000 |

ഒരു ഗുണഭോക്താവിന് 150000/- രൂപ നിരക്കിൽ 8 ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്ത് വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട് മുഖേന ലക്ഷ്യമിട്ടത്. പ്രോജക്ട് പ്രകാരം രണ്ടു വർഷങ്ങളിലായി 992000/- രൂപ (150000+842000) ചെലവഴിച്ചിട്ടുണ്ട്. 2019-20 ൽ എഗ്രിമെന്റ് വെച്ച് ഒരു ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ കൊടുത്ത ഒരു ഗുണഭോക്താവ് നാളിതുവരെയും പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച തീയതി | ആദ്യഗഡു / കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മാധവൻ ചന്തപ്പുര (വാർഡ്-6) കുമ്പാറ, കൂടരഞ്ഞി. | 08.11.2019 | 75000 9-1-20 |

മേൽ ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കി അവസാനഗഡു കൈപ്പറ്റുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (6/2020-21 തീയതി 16.5.2022) മറുപടി നൽകിയിട്ടില്ല. മേൽ ഗുണഭോക്താവിന്റെ വീട് റിപ്പയർ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-26 സ്ഥലം പഞ്ചായത്തിന് വിട്ട് നൽകാതെ അങ്കണവാടി കെട്ടിടനിർമ്മാണം നടത്തി - ലക്ഷങ്ങൾ പാഴാകുന്നു.

മേലെ ലക്ഷം വീട് അങ്കണവാടി (സെന്റർ നമ്പർ 72) കെട്ടിട നിർമ്മാണത്തിനായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷം പദ്ധതി തയ്യാറാക്കുകയും, (പ്രോജക്ട് നമ്പർ 221/20, 116/21, 134/22) 13 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ജോർജ്ജ് പുളിമൂട്ടിൽ എന്ന കരാറുകാരനെ ബ്ലോക്ക് പഞ്ചയത്ത് ഏൽപ്പിക്കുകയും 1240175 രൂപ ചെലവഴിച്ച് കെട്ടിടം വാങ്ങി പൂർത്തിയാക്കുകയും ചെയ്തു. (എം.ബുക്ക് നമ്പർ 22/20-21, 15/21-22)

ഗ്രാമപഞ്ചായത്തിലെ 19 അങ്കണവാടികളുടെ നിലവിലെ സ്ഥിതി ഐ.സി.ഡി.എസ് സൂപ്പർവൈസറോട് ആരാഞ്ഞതിൽ സെന്റർ നമ്പർ 72 അങ്കണവാടിയ്ക്ക് പുതിയ ബിൽഡിംഗ് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകിയെന്നും, എന്നാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഇതുവരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയോ, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ

ചേർക്കുകയോ ചെയ്യാത്തതിനാൽ സ്വന്തമായി കെട്ടിടമായിട്ടില്ല എന്ന സാഹചര്യമാണ് ഉള്ളതെന്നും, ഇതിനാൽ വൈദ്യുതി, കുടിവെള്ളം എന്നിവയൊന്നും നൽകാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും വിശദീകരിച്ചു.

18.01.2022 ലെ ഗ്രാമപഞ്ചായത്ത് യോഗ തീരുമാനം 22/1 പ്രകാരം, സെന്റർ നമ്പർ 72 അങ്കണവാടിയ്ക്ക് ത്രേസ്യ എൻ.എ എന്നവർ സ്ഥലം വിട്ട് നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, അതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന്, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലേയ്ക്ക് സ്ഥലത്തിന്റെ ആധാരം രജിസ്റ്റർ ചെയ്ത് ഏറ്റെടുക്കുവാനും ചുമതലപ്പെടുത്തി.

അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങി, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി, കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം കൈമാറുന്നതിന് പകരമായി, ബ്ലോക്ക് പഞ്ചായത്ത് അങ്കണവാടി കെട്ടിടം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് നിർമ്മിച്ചത്. 2019 ൽ പദ്ധതി ആരംഭിച്ചെങ്കിലും, കെട്ടിട നിർമ്മാണം പൂർത്തിയായിട്ടും, 2 വർഷക്കാലമായി സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് രജിസ്റ്റർ ചെയ്ത് വാങ്ങാതിരുന്നത് ശരിയായ നടപടി അല്ല. അതിന്റെ നിർമ്മാണത്തിന് ചെലവഴിച്ച ലക്ഷങ്ങൾ പാഴാവുകയാണ്.

സ്ഥലം രജിസ്റ്റർ ചെയ്ത്, കെട്ടിടം ഉൾപ്പെടെ ആസ്തി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുവാൻ ആവശ്യമായ നടപടി ഉടനടി സ്വീകരിക്കേണ്ടതാണ്.

1-27 കോടതി വിധി നടപ്പാക്കാൻ ഫൈനൽ ബിൽ തുക തനത് ഫണ്ടിൽ നിന്ന് നൽകി

2010-11, 2011-12 എന്നീ വർഷങ്ങളിലായി കരിങ്കുറ്റി പോസ്റ്റ് ഓഫീസ് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയ്ക്ക് പദ്ധതി വെക്കുകയും (പ്രോജക്ട് നമ്പർ 44/11, 130/12) ശ്രീ.സണ്ണി ആക്കേൻ എന്നവർക്ക് പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. റോഡിന്റെ നിർമ്മാണത്തിൽ ക്രമക്കേട് നടന്നതായി വിജിലൻസിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റിൽ നിന്നും ചില വ്യത്യാസങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തു. ഇതിനെതിരെ ഡബ്ല്യു.പി(സി) 6590/2013 ആയി ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകുകയും, 27.01.2020 ലെ വിധിന്യായത്തിൽ, കരാറുകാരന് ബിൽ തുക അനുവദിക്കാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചു. തുടർന്ന് താഴെ കൊടുത്ത പ്രകാരം പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയർ അളന്ന് റിപ്പോർട്ട് ചെയ്തു.

| | വർഷം | പ്രോജക്ട് നമ്പർ | പേര് | ബിൽ തുക |
|---|---|---|---|---|
| 1 | 2010-11 | 44/11 | കരിങ്കുറ്റി പോസ്റ്റ് ഓഫീസ് | 243652 |

| | | | | |
|---|---|---|---|---|
| | | | റോഡ് | |
| 2 | 2011-12 | 130/12 | ' നവീകരണം | 954646 |
| | | | | 1198298 |

മേൽ തുകയായ 1198298/- രൂപ തനത് ഫണ്ട് ബിൽ നമ്പർ യഥാക്രമം 52000604, 52000605/08.12.2020 പ്രകാരം കരാറുകാരന് നൽകി. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

2010-11, 2011-12 വർഷങ്ങളിൽ പ്രോജക്ട് വെച്ച് നടപ്പാക്കിയ ഈ പദ്ധതിയുടെ അടങ്കൽ എത്രയെന്ന് വ്യക്തമല്ല. കൂടാതെ ഏത് ഫണ്ടാണ് ഈ പ്രവൃത്തിയ്ക്ക് വകയിരുത്തിയതെന്ന് ഫയലിൽ രേഖകളില്ല. ഇതൊന്നും പരിശോധിക്കാതെയാണ് തനത് ഫണ്ടിൽ നിന്നും ഇത്രയധികം തുക കരാറുകാരന് അനുവദിച്ചത്. ബഹു.ഹൈക്കോടതിയുടെ വിധി പ്രകാരം പെട്ടെന്ന് തുക അനുവദിച്ചതാണെങ്കിലും ചെയ്ത പ്രവത്തിയുടെ മൂല്യം അടങ്കലിന്റെ അധികം വന്നിട്ടുണ്ടോയെന്ന് നോക്കാതെ, തുക അനുവദിച്ചത് ശരിയല്ല. കൂടാതെ 2010-11, 2011-12 ൽ പ്രോജക്ടിൽ വകയിരുത്തിയ തുക മറ്റേതെങ്കിലും ഫണ്ട് ആണോയെന്ന് പരിശോധിച്ച്, തുക ആ ഫണ്ടിൽ നിന്ന് സർക്കാർ അനുമതിയോടെ പിൻവലിച്ച് തനത് ഫണ്ടിൽ തിരിച്ചടക്കേണ്ടതായിരുന്നു. ഈ നടപടി സ്വീകരിക്കാതിരുന്നത് തനത് ഫണ്ട് കുറയാനിടയാകുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, തനത് ഫണ്ടിൽ തുക തിരികെ അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ബിൽഡിംഗ് പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

ഫയൽ നമ്പർ -5958/20/03/12/2020

ശ്രീ.കുര്യക്കോസ് S/o മാത്യു, പാണ്ടം പാടത്തിൽ വീട്, വഴിക്കടവ്, ശ്രീ.എം.ജെ തോമസ്, മറ്റത്തിൽ വീട്, കൂടരഞ്ഞി എന്നിവർ കൂടരഞ്ഞി വില്ലേജിലെ അൺ റിസർവ്വേയിൽ ഉൾപ്പെട്ട 1.0522 ഹെക്ടർ സ്ഥലത്ത് വഴിക്കടവ് സ്വയം സഹായ സംഘത്തിനായി വർക്കേഴ്സ് റൂം ഉൾപ്പെടെയുള്ള ഒരു പൗൾട്രി ഫാം നിർമ്മിക്കുന്നതിനുള്ള അനുമതിക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടം | തറവിസ്തീർണ്ണം |
|---|---|

| | |
|---|---|
| പൗൾട്രി ഫാം 1 | 235.62 ച.മീ |
| പൗൾട്രി ഫാം 2 | 230.01 ച.മീ |
| പൗൾട്രി ഫാം 3 | 232.98ച.മീ |
| പൗൾട്രി ഫാം 4 | 213.84 |
| പൗൾട്രി ഫാം 5 | 250.80 |
| വർക്കേഴ്സ് റൂം | 26.27 |
| ടോയിലറ്റ് സെക്ഷൻ | 14.08 ച.മീ |
| | 1203.06 ച.മീ |

മേൽ ഫയലിൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിനായി സെക്രട്ടറി എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്. അസി.എഞ്ചിനീയർ നടത്തി നൽകിയ സ്ഥലപരിശോധന റിപ്പോർട്ടിൽ കെട്ടിടങ്ങളുടെ നിർമ്മാണം നിലവിൽ പൂർത്തിയായതാണെന്നും, ആയതിനാൽ നിർമ്മാണം ക്രമവത്ക്കരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സൈറ്റിൽ ടോയിലറ്റ് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നിവ നിർമ്മിച്ചിട്ടില്ല എന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെന്നും, വർക്കേഴ്സിന്റെ എണ്ണം, പ്ലോട്ട് ബൗണ്ടറി എന്നിവ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് അപാകതകൾ ഉള്ളടക്കം ചെയ്ത് ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനർസമർപ്പിക്കുന്നതിനായി അപേക്ഷകർക്ക് എ2-5958/20/29/12/2020 പ്രകാരം സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല.

പൗൾട്രി ഫാം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കാതെ തന്നെ കെട്ടിടങ്ങളുടെ നിർമ്മാണം നിലവിൽ പൂർത്തിയായതാണെന്നും, ആയതിനാൽ നിർമ്മാണം ക്രമവത്ക്കരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിട്ടും അനധികൃത നിർമ്മാണത്തിനെതിരേ യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എ എ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും, അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാത്തതിനാലും താഴെ പറയും പ്രകാരം നികുതി നഷ്ടം ഉണ്ടായതായി

വിലയിരുത്തുന്നു.

1203.06 ച.മീx15=(18046 + 902)x3 വസ്തുനികുതിയിനത്തിൽ 54138/- രൂപയും ഗ്രന്ഥശാലാവരിയിനത്തിൽ 2707/- രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

സ്ഥലപരിശോധന നടത്തി കെട്ടിടം റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടിയും, അനധികൃത നിർമ്മാണത്തിനെതിരേയുള്ള നിയമപരമായ നടപടികളും സ്വീകരിച്ചതിന്റെ വിവരങ്ങളും, മേൽ അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കുന്നതിനായി നൽകിയ. ഓഡിറ്റ് എൻക്വയറി (02/2020-21 /12.05.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥലപരിശോധന നടത്തി കെട്ടിടം റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ അനധികൃത നിർമ്മാണത്തിനെതിരേയുള്ള നിയമപരമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സെക്രട്ടറിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിൽ 54138/- രൂപയും ഗ്രന്ഥശാലാവരിയിനത്തിൽ 2707/- രൂപയും നഷ്ടം വന്ന തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം നഷ്ടം

ഗ്രാമപഞ്ചായത്തിന്റ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 30/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാം ചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന നിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽ വിലാസം | കെട്ടിട നമ്പർ തറ വിസ്തീർണ്ണം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള/ നികുതി ഈടാക്കിയ തറ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ശ്രീമതി ഷമീന അടിമാരിക്കര വീട്, മാനിപുരം (പി.ഒ) | 1/80 C മുതൽ1/80 F വരെ - 161.63 ച.മീ | 161.63 ച.മീ | 40.4075x30+20% =1528 +73<br>40.4075x30+20% =1528 +73<br>40.4075x30+20 %-5%=1453 +73<br>40.4075x30+20 %-5%=1453 +73<br>5962+286 | 40.4075x50+20% = 2424 +121<br>40.4075x50+20% = 2424 +121<br>40.4075x50+20 %-5%=2323+116<br>40.4075x50+20 %-5%=2323+116<br>9494+475 |

മേൽ കെട്ടിടത്തിന്റെ ക്രമവത്ക്കരണ പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 50/- രൂപ എന്ന് കണക്കാക്കാതെ പൂർത്തികരിച്ച 161.63 ച.മീ തറവിസ്തീർ ണ്ണത്തിന് 100 $M^2$ന് വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപ എന്ന രീതിയിൽ കണക്കാക്കാത്തതിനാൽ വസ്തുനികുതി ഈടാക്കിയതിൽ തൻവർഷം മുതൽ 3532/- രൂപയും, ലൈബ്രറി സെസ്സിനത്തില് 189/- രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2020-21 /17.05.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും, യഥാർത്ഥത്തിൽ ബാധകമായ സ്റ്റേജ് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി, നികുതി നിർണ്ണയ ഫയലുകൾ സഞ്ചയ സ്സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ പൂർത്തികരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചിട്ടില്ല.

| | |
|---|---|
| ഫയൽ നം | എ2/2708/20/16/06/2020 |
| ഉടമസ്ഥന്റെ പേര് വിവരങ്ങൾ | റോയി മനയാനിക്കൽ, കുമ്പാറ ബസാർ |
| പെർമിറ്റ് നമ്പർ | BT1 -9418/20/09.02.2021 |
| റി സർവ്വേ നമ്പർ | U S |
| പ്ലോട്ട് വിസ്തീർണ്ണം | .8782 ഹെക്ടർ - 2.17 ഏക്കർ |
| തറവിസ്തീർണ്ണം | 152.30 ച.മീ |
| ഉപയോഗക്രമം | ഹോളോ ബ്രിക്സ് യൂണിറ്റ് (G1 - ഒക്യുപെൻസി) |

റോയി മനയാനിക്കൽ എന്നയാളുടെ കെട്ടിട നിർമ്മാണ അനുമതി ഇല്ലാതെ നിർമ്മിച്ച ഹോളോ ബ്രിക്സ് യൂണിറ്റ് ക്രമവത്ക്കരിക്കുന്നതിനാണ് അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സ്ഥലപരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഓവർസീയർക്ക് ഫയൽകൈമാറിയിട്ടുണ്ട്. തുടർന്ന് ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഫീസ് ഈടാക്കി ടി കെട്ടിടത്തിന് റഗുലറൈസ് ചെയ്ത് നമ്പർ അനുവദിച്ചു, 7/389 B കെട്ടിട നമ്പർ നൽകി

ച.മീ ന് 40/- രൂപ നിരക്കിൽ ഇതരവ്യവസായം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ച് 2020-21 ഒന്നാം അർദ്ധ വർഷം മുതൽ വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചപ്പോൾ ചില അപാകതകൾ ശ്രദ്ധപ്പെട്ടു. അപാകതകൾ ചുവടെ ചേർക്കുന്നു.

1 . റെഗുലറൈസ്ഡ് പ്ലാൻ പ്രകാരം തറവിസ്തീർണ്ണം 152.30 ച.മീ ആണ്. എന്നാൽ നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം 140.9 ച.മീ മാത്രമാണ്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 11.40 ച.മീറ്റർ നികുതിയിൽ നിന്ന് ഒഴിവാക്കി (11.40X40+20% (വഴി സൗകര്യം) വർദ്ധനവ് -10% (മേൽക്കൂരയുടെ ഇളവ്) = 493 രൂപ വസ്തുനികുതിയും, 5 രൂപ ഗ്രന്ഥാശാലാവരിയും നഷ്ടം ഓരോ വർഷവും ഉണ്ടായിട്ടുണ്ട്.

2. മേൽ പ്രതിപാദിച്ച കെട്ടിടത്തിന്റെ വൺടേം ടാക്സ് അടവാക്കാൻ താമരശ്ശേരി തഹസിൽദാർ കണക്കാക്കിയ തറവിസ്തീർണ്ണം 195.515 ച.മീറ്ററുമാണ് വ്യത്യാസത്തിന് കാരണം വ്യക്തമല്ല

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (01 /2020-21 /12.05.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 493/- രൂപ വസ്തുനികുതിയും, 5 രൂപ ഗ്രന്ഥശാലാവരിയും ഉത്തരവാദിയിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതും, വസ്തുനികുതിയിനത്തിലെ അപാകതമൂലം തനത് ഫണ്ട് ചോർച്ച ഉണ്ടാവുന്നില്ലെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ച |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1060000 | ലൈഫ് ഭവനപദ്ധതി- ജനറൽ | 1060000 | 0 |
| | 2020-21 | 324364 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 324364 | 0 |
| | 2020-21 | 300000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | 0 |
| | 2020-21 | 300000 | ക്ഷീര ഗ്രാമം പദ്ധതി (വനിത) | 300000 | 00 |
| | 2020-21 | 1000000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 1000000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 2020-21 | 500000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (വനിത) | 500000 | 0 |
| | ആകെ | 3484364 | | 3484364 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 99960 | അങ്കണവാടി പോഷാഹാരം | 99960 | 0 |
| | 2020-21 | 236455 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 236455 | 0 |
| | 2020-21 | 200000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (വനിത) | 200000 | 0 |
| | 2020-21 | 500000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 500000 | 0 |
| | ആകെ | 1036415 | | 1036415 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | PHC കുഴൽകിണർ നിർമ്മാണം, മോട്ടോർ - അനുബന്ധ പ്രവൃത്തികൾ | 1068150 | 34905 | 0 | 34905 |
| ഭൂജല വകുപ്പ് | കോളനി കുഴൽകിണർ നിർമ്മാണം | 1052360 | 42865 | 0 | 42865 |
| ഭൂജല വകുപ്പ് | കള്ളിപ്പാറ അങ്കണവാടി കുഴൽകിണർ നിർമ്മാണം | 1052350 | 37805 | 0 | 37805 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 1020000 | 20739463 | 1389843 | - | 21199775 |

കുറിപ്പ് – വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കും, ലോൺ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. അപാകതകൾ സംബന്ധിച്ച് ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ഷീറ്റ് ബി5 Secured Loans- Loan From KURDFC ഇനത്തിൽ 2,17,59,463/- രൂപയും ബി 16 Prepaid Expenses ഇനത്തിൽ 2,11,99,775/- രൂപയുമാണ് രേഖപ്പെടുത്തിയത്. ജി.ഒ പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ച തുക 1389843/- രൂപയാണ്. (അപാകതകൾക്ക് ഖണ്ഡിക 1-9 കാണുക)

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ | സ്ഥിര നിക്ഷേപ | നിക്ഷേപത്തിന്റെ | തുക |
|---|---|---|---|

| പേര് | നമ്പർ /തീയ്യതി | കാലാവധി | |
|---|---|---|---|
| പ്രോമിസറി നോട്ട് കേരള സർക്കാർ | MS001170/19.08.1971 | NA | 1000 |
| മലപ്പുറം കോ-ഓപ്പ് സ്പിന്നിംഗ് മിൽ | 85/8.03.78 | Share Certificate | 100 |
| Total | | | 1100 |

മലപ്പുറം സ്പിന്നിംഗ് മിൽ അടച്ച് പൂട്ടിയതിനാൽ ഈ സ്ഥാപനത്തിന്റെ ഷെയർ ക്യാരി ഓവർ ചെയ്യുന്നത് നിഷ്ഫലമാണ്. ഈ ഷെയർ തുക അക്കൌണ്ടിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2301/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-1 | 2301 | ശ്രീ.ജോൺ.പി.യു, കോൺട്രാക്ടർ (ശ്രീ.പ്രദീപ്കുമാർ.പി. (എ.ഇ(rtd.))) | 120020103521/ തീയതി 4.3.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.1.3.43 | കുടിവെള്ള |

| | | | | |
|---|---|---|---|---|
| | | | | ജലസേചന പദ്ധതികൾ പരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. |
| 2001-02 | | 2004-05 | 11.1.3.35 | നികുതി പിരിവിൽ അലംഭാവം |
| 2002-03 | 2-5 | 2006-07 | 379.1.18-100 | നികുതി കാലഹരണം |
| 2002-03 | 3-3 | 2006-07 | 379.5.7 | വാട്ടർചാർജ് |
| 2002-03 | 3-5 | 2006-07 | 379.17.4 | നടപ്പാത നിർമ്മാണം പ്രവർത്തി പൂർത്തിയായില്ല. |
| | | 2014-15 | 4.1.4-25 | ഖരമാലിന്യ സംസ്കരണ സംവിധാനം |
| | | 2014-15 | 4.1.5-30 | വ്യവസായ കേന്ദ്രങ്ങൾ. കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്ന |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4, 187 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5, 211 | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ സ്ഥാപനം | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | രസീത് നം. തീയതി | റവന്യൂ റിക്കറിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം. | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1996-97 | 12,13, 15,21 | എ.പി. സതീന്ദ്ര ബാബു, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 8268/ സ്പെ. സെൽ 4/2000 തിയ്യതി 4.5.01 | 940 | 940/ 20944/ 76/14 തിയ്യതി 2.06.01 20932 /51 തിയ്യതി 27.01.01 | | | | | | |
| 2003-04 | 3-1 | എ.പി.സനൽ കുമാർ, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 6394 സ്പെ. സെൽ 5/08 തിയ്യതി 28.03.09 | 3650 | | | | | | 3650 | |

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,42,68,071 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,29,89,673 |
| വരവിനങ്ങളിലുള്ള നഷ്ടം | 58,163 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,04,169 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 54138 | ശ്രീ. ബിബിൻ ജോസഫ് സെക്രട്ടറി |
| 2-2 | 3532 | ശ്രീ. ബിബിൻ ജോസഫ് സെക്രട്ടറി |
| 2-3 | 493 | ശ്രീ. ബിബിൻ ജോസഫ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 17908 | ശ്രീമതി.അശ്വിനി, അസി.എഞ്ചിനീയർ |
| 1-18 | 157554 | ശ്രീമതി.അശ്വിനി , അസി.എഞ്ചിനീയർ |
| 1-20 | 85696 | 39672 – ശ്രീമതി.അശ്വിനി അസി.എഞ്ചിനീയർ |
| | | 46024 - ശ്രീ.രാജേഷ് .ടി.പി അസി.എഞ്ചിനീയർ |
| 1-21 | 27436 | ശ്രീ.രാജേഷ്.ടി.പി, അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 1-22 | 200000 | ശ്രീ. അൻസു.ഒ.എ<br>സെക്രട്ടറി |
| 1-23 | 115575 | ശ്രീ. ബിബിൻ ജോസഫ്<br>സെക്രട്ടറി |
| 1-24 | 200000 | ശ്രീ.ബിബിൻ ജോസഫ്<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾഎന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 2-1 | 2701 | ഗ്രന്ഥശാലാവരി |
| 2-2 | 189 | ഗ്രന്ഥശാലാവരി |
| 2-3 | 5 | ഗ്രന്ഥശാലാവരി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിബിൻ ജോസഫ് സെക്രട്ടറി | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | ഇടയപുരക്കൽ, കക്കണ്ട്, തിരുവമ്പാടി-673604 |

| | | |
|---|---|---|
| ശ്രീ.അൻസു.ഒ.എ സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കളരിക്കൽ, അതിരമ്പുഴ (പി.ഒ), കോട്ടയം |
| ശ്രീമതി.അശ്വിനി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | തെഞ്ചീരിത്തൊടിയിൽ, പന്നിക്കോട്, മുക്കം |
| ശ്രീ.രാജേഷ്.ടി.പി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | താഴെപൂതാളത്ത്, ചെറുകുളത്തൂർ-673008 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 81-82 | കെ.എസ്.എ.കെ.കെ.ഡി.പി1/838/18/5.5.18 | 6 (8b, 12, 19, 20, 21, 23) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/838/18/5.5.18 | 10(CAR) |
| 2001-02 (DCB) | കെ.എസ്.എ.കെ.കെ.ഡി.പി1/838/18/5.5.18 | ( 3) {2-1, 3-5, 3-6} |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/838/18/5.5.18 | (2) {3-6,3-8} |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/838/18.5.18 | (2) { 3-1,3-7} |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | (2){ 3-5,3-8} |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 3-12 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 2-12, 3-9, 3-10, 3-26 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 3-12, 3-15, 3-16 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | {3-1, 3-2, 3-5(2), 3-5(3), 3-7 |
| 2010-11 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി1/617/ 1/6/.5.18 | (5). {3-8, 3-9, 3-11, 3-19} |
| 2012-13 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി1/617/ 1/6/.5.18 | (17) {3-1, 3-2, 3-3, 3-7, 3-8, 3-9, 3-10, 3-14, 3-15, 3-19} |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/617/ 1/6/.5.18 | 14, {(2-3(1), 2-3(2), 2-3(3), 3-1, 3-3, 3-4, 3-16, 3-17, )} |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/617/ 1/6/.5.18 | 10, {2-2, 3-6, 3-8, 3-9, } |
| 2016-17 | കെഎസ്.എ.കെ.കെ.ഡി.പി1/813/ 17/15.2.18 | 23{ 2-2, 2-3, 2-4, 3-1, 3-4, 3, 5, 3-6, 3-7, 3-10, 3-12, 3-15, 3-16} |
| 2017-18 | കെഎസ്.എ.കെ.കെ.ഡി.പി1/235/ 2019/6.3.2019 | 1-12, 2-3, 3-1, 3-4, 3-6 |
| 2018-19 | കെഎസ്.എ.കെ.കെ.ഡി.പി9/7/ | 1-9 മുതൽ |

| | | |
|---|---|---|
| | 2020/7.1.2020 | 1-24 വരെ |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി. പി.<br>4/347/2022 /07/03/2022 | 1-1 മുതൽ<br>1-32 വരെ,<br>2-1,2-2,3-1 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്